# 36. രാമജന്മഭൂമിയിൽ

രാമജന്മഭൂമിയെപ്പററി മൂന്നു ലേഖനങ്ങൾ ഇതിനുമുമ്പ് ഞാൻ എഴുതിയിട്ടുണ്ട്. (മനനങ്ങൾ നിഗമനങ്ങൾ, പേജ് 206–217). 1984 നവംബർ, 1985 മെയ്, 1986 ഏപ്രിൽ എന്നീ കാലങ്ങളിലാണ് ഇവ എഴുതപ്പെട്ടത്. ആ ലേഖനങ്ങൾ എഴുതുമ്പോൾ, രാമജന്മഭൂമി എന്നും ബാബറീമസ്ജിദ് എന്നും അറിയപ്പെടുന്ന അയോദ്ധ്യയിലെ ആരാധനാലയത്തിന്റെ ഉടമയെപ്പററിയുള്ള തർക്കം ഉത്തരേന്ത്യയിൽ ആകെ, പ്രത്യേകിച്ച് ഉത്തർപ്രദേശിൽ, വ്യാപകമായ അസ്വാസ്ഥതയും ഹിന്ദു–മുസ്ലിം–ജനവിഭാഗങ്ങൾ തമ്മിൽ സംഘട്ടനങ്ങളും ഉളവാക്കിക്കൊണ്ടിരുന്നു. തർക്കം ഇനിയും തീരുമാനിക്കപ്പെട്ടിട്ടില്ല. പ്രാദേശിക പ്രശ്നം എന്ന നിലയിൽ നിന്ന് അഖിലേന്ത്യാപ്രശ്നം എന്ന നിലയിലേക്കു മാത്രമല്ല അന്തരാഷ്ട്രീയ പ്രശ്നം എന്ന നിലയിലേക്കുതന്നെ ഈ തർക്കം ഉയർത്തപ്പെട്ടിട്ടുണ്ട്. എങ്കിലും രാമജന്മഭൂമിയുടെ പരിസരങ്ങൾ ഇന്നു ശാന്തങ്ങളാണ്. ആ പള്ളിയുടെ ഉടമയെച്ചൊല്ലി ഇപ്പോൾ ഹിന്ദുക്കളും മുസ്ലിങ്ങളും പരസ്പരം കുത്തി കുടൽചോർത്തുന്നില്ല. മതഭ്രാന്തന്മാരോ, വോട്ടുപിടുത്ത രാഷ്ട്രീയക്കാരോ, ഇന്ത്യയെന്ന രാഷ്ട്രത്തെ തകർക്കണമെന്നാഗ്രഹിക്കുന്ന വിദേശീയശക്തികളോ കുഴപ്പം കുത്തിപ്പൊന്തിക്കാത്തപക്ഷം, ഈ ആരാധനാലയത്തിന്റെ ഉടമ, അതിന് അവകാശമുന്നയിക്കുന്ന സ്ഥലവാസികളുടെ പരസ്പരചർച്ചകളിലൂടെ, അവസാനമായും ഉഭയസമ്മതത്തോടെയും നിർണയിക്കപ്പെട്ടുകൂടായ്കയില്ല. അങ്ങനെ സംഭവിക്കുമെന്നു നമുക്ക് ആശിക്കുക.

രാമജന്മഭൂമി ചെന്നുകാണാതെ, ആ സ്ഥലത്തെപ്പററി കിട്ടാവുന്ന രേഖകൾ ഉപയോഗിച്ചാണു ഞാൻ മുമ്പു പറഞ്ഞ ലേഖനങ്ങൾ എഴുതിയത്. ഒരു സ്ഥലം ചെന്നു കാണുമ്പോൾ ഉളവാകുന്ന വിശദമായ ധാരണ, അതിനെക്കുറിച്ച് അന്യർ എഴുതിയതു വായിച്ചാൽ മാത്രം ഉളവാകുകയില്ലല്ലോ. അതുകൊണ്ട്, ഇക്കഴിഞ്ഞ (1987) സെപ്തംബറിൽ ഈ ആരാധനാലയം കാണാൻ അവസരം അവിചാരിതമായി കൈവന്നപ്പോൾ, എനിക്കുണ്ടായ സന്തോഷത്തിന് അതിരില്ലായിരുന്നു.

ഉത്തർപ്രദേശ് സംസ്ഥാനത്തിന്റെ തലസ്ഥാനമായ ലഖ്നൗവിൽ നിന്ന് ഏതാണ്ട് നൂററിരുപതു കിലോമീററർ ദൂരെയാണ് അയോദ്ധ്യ. ലഖ്നൗവിൽനിന്ന് അയോദ്ധ്യയിലേക്കു തീവണ്ടിയിലൂടെയും ഉത്തർപ്രദേശ് സ്റ്റേററ് ട്രാൻസ്പോർട്ട് ബസ്സുകളിലൂടെയും ചെന്നെത്താം. മൂന്നു മണിക്കൂറോളം സമയമെടുക്കുന്ന ബസ്സ് യാത്രയ്ക്കു മുപ്പത്താറുരൂപയാണ് ചാർജ്. ഗോതമ്പുവയലുകളുടെ നടുവിൽ, മാവുകൾ കരവെച്ച റോഡിലൂടെയുള്ള യാത്ര അനായാസം മാത്രമല്ല, ആഹ്ലാദകരംകൂടിയാണ്. ഈയാണ്ടിലെ കടുത്ത വരൾച്ച ഉത്തർപ്രദേശിലെ പല ജില്ലകളെയും കഠിനമായി ബാധിച്ചിട്ടുണ്ടെങ്കിലും, ലഖ്നൗവിൽനിന്ന് അയോദ്ധ്യയിലേക്കുള്ള യാത്രയ്ക്കിടയ്ക്കു വരൾച്ചയുടെ ഒരു കെടുതിയും കാണാൻ എനിക്കു കഴിഞ്ഞില്ല. തുടർച്ചയായി ഇത്രയധികം മാന്തോപ്പുകൾ വേറെ എവിടെയെങ്കിലും കണ്ടു കൺകുളിർക്കാൻ കഴിയുമെന്നും തോന്നുന്നില്ല.

''ഫസാബാദ്'' എന്ന ജില്ലാതലസ്ഥാനനഗരത്തിൽ ബസ്സിറങ്ങി, ആട്ടോറിക്ഷയിൽ അയോദ്ധ്യയിലേക്കു പോവുകയാണു ഞാൻ ചെയ്തത്. തൊട്ടുതൊട്ടുള്ള രണ്ടു മുനിസിപ്പാലിററികളാണ് ഫൈസാബാദും അയോദ്ധ്യയും. 'രണ്ടു മുനിസിപ്പാലിററികളുള്ള ഒരു പട്ടണം' എന്ന് ഈ രണ്ടു

നഗരങ്ങളെയും ചേർത്തു പറയാം. മുസ്ലീംവാസ്തുശില്പത്തിനു പ്രാധാന്യമുള്ള ഒരു ആധുനിക–ഒരിദ്ര–നഗരമാണ് ഫൈസാബാദ്; ഹിന്ദു വാസ്തുശില്പത്തിനു പ്രാധാന്യമുള്ള ഒരു പൗരാണിക–ഒരിദ്ര–നഗരമാണ് അയോദ്ധ്യ. വലിയ മസ്ജിദുകൾ ഫൈസാബാദിൽ ധാരാളമുണ്ട്; ധർമശാലകളും ക്ഷേത്രങ്ങളുമാണ് അയോദ്ധ്യയിൽ ഏറെ. അയോദ്ധ്യയിൽ കാണുന്ന ജനങ്ങളിൽ അധികവും ഇന്ത്യയുടെ മററു പ്രദേശങ്ങളിൽനിന്നു വരുന്ന ഹിന്ദു തീർത്ഥാടകരാകുന്നു.

അയോദ്ധ്യയിലെ പ്രധാന വീഥിയിൽനിന്നു പിരിഞ്ഞു വളഞ്ഞു പോകുന്ന ഒരു ഇടവഴിയുടെ അവസാനത്തിലാണ് രാമജന്മഭൂമി എന്ന ബാബറിമസ്ജിദ്. മററു പുണ്യക്ഷേത്രനഗരങ്ങളിൽ കാണുന്നതുപോലെ, ചെറിയ വിഗ്രഹങ്ങളും ചിത്രങ്ങളും പൂജാദ്രവ്യങ്ങളും പുസ്തകങ്ങളും മററും വിൽക്കുന്ന ഏതാനും കടകളേ ഈ ഇടവഴിയിലുള്ളു. ഇടവഴിയിലൂടെ ഒരു ചെറിയ കയററം കയറി, ചുററിലുംനിന്നു കുറെ ഉയർന്ന ഒരു തുറന്ന സ്ഥലത്തേക്കു നാം ചെന്നെത്തുന്നു. ഈ സ്ഥലത്തു താല്ക്കാലികമായി കെട്ടിയുണ്ടാക്കിയ വിശ്വഹിന്ദു പരിഷത്തിന്റെ ഒരു ബൂത്തും, ഒരു വിശ്രമാലയവും മററുമുണ്ട്. വലതുവശത്തായി നാലുപുറത്തും മതിൽകെട്ടി ഭദ്രമാക്കിയ, ചെറിയ, ബാബറിമസ്ജിദ് നിലകൊള്ളുന്നു.

ഇഷ്ടിക കൊണ്ടുണ്ടാക്കി കുമ്മായം തേച്ച, കനത്ത, മൂന്നു കമാനങ്ങളിൽ സ്ഥാപിച്ച മൂന്നു കുംഭഗോപുരങ്ങൾ (ഡോമുകൾ; ഉള്ളിയുടെ ആകൃതിയുള്ള മേല്പുരകൾ) ഈ പള്ളിയിലുണ്ട്. ഈ കുംഭഗോപുരങ്ങൾക്കു താഴെ സമചതുരത്തിൽ മൂന്നു മുറികൾ. ഇടച്ചുവർവെച്ച് ഇവ വേർതിരിച്ചിട്ടില്ല. ഇവയിൽ നടുവിലെ മുറിയിൽ പകുതിഭാഗം ഏതാണ്ടു മൂന്നടി ഉയരത്തിൽ ഒരു മറകെട്ടി വേർതിരിച്ചിരിക്കുന്നു. ഇതിൽ ഒന്നരയോ, രണ്ടോ അടി ഉയരംവരുന്ന രാമൻ, സീത, ലക്ഷ്മണൻ, ഹനുമാൻ മുതലായവരുടെ വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചിട്ടുണ്ട്. സാധാരണ ഉത്തരേന്ത്യയിലെ ക്ഷേത്രങ്ങളിൽ നടത്തിവരുംപോലെ ഈ വിഗ്രഹങ്ങളുടെ മുമ്പിൽ ആരാധന നടക്കുന്നു. തീർത്ഥാടകർ കൂട്ടംകൂട്ടമായി ഇവിടെവന്ന്, വിഗ്രഹങ്ങളുടെ മുൻവശത്തുള്ള മുറിയുടെ പകുതിഭാഗത്തുനിന്ന്, ആരാധനയിൽ പങ്കുകൊണ്ട്, ആത്മസംതൃപ്തി നേടി, തിരിച്ചുപോകുന്നു. ഇരുവശങ്ങളിലുമുള്ള മുറികൾ ഒഴിഞ്ഞുകിടക്കുന്നു. ഈ സ്ഥലത്തു കാവൽനില്ക്കുന്ന സായുധപ്പോലീസുകാർ ഇവയിൽ ഇരിക്കുകയോ, കിടക്കുകയോചെയ്യുന്നു.

കുംഭഗോപുരങ്ങൾ താങ്ങിനില്ക്കുന്ന കമാനങ്ങളിൽ, നടുവിലുള്ള കമാനത്തിന്റെ മുൻവശത്തുള്ള രണ്ട് ഇഷ്ടികത്തൂണുകളിൽ ഓരോന്നിലും നാലുവീതവും, പിൻവശത്തുള്ള കമാനത്തൂണുകളിൽ മുൻവശങ്ങളിലായി രണ്ടുവീതവും, ആകെ പന്ത്രണ്ടു കരിങ്കൽത്തൂണുകൾ, അലങ്കാരമെന്ന നിലയിൽ പതിച്ചുവെച്ചിരിക്കുന്നു. മിനുത്തു നല്ലതുപോലെ കറുത്ത കരിങ്കല്ലിൽ നിർമിച്ചവയും, നാലടിയോളം ചുററളവും എട്ട് അടിയോളം ഉയരവും വരുന്നവയുമായ ഈ തൂണുകൾ ഏതോ ഹിന്ദുക്ഷേത്രത്തിൽനിന്ന് എടുത്തവയാവാൻ ധാരാളം സാദ്ധ്യതയുണ്ട്. ഈ തൂണുകളുടെ അടിയിൽ ഉദ്ഭൂതരൂപത്തിൽ പൂർണകുംഭങ്ങൾ കൊത്തിയിരിക്കുന്നു. അവയിൽനിന്നു മേല്പോട്ടു പടർന്നുകയറുന്ന ചെടി, കല്പവൃക്ഷമെന്ന സങ്കല്പത്തെ കുറിക്കുന്നതാവാം. തൂണിന്റെ മുകൾഭാഗത്തുമുണ്ട് ലളിതങ്ങളായ അലങ്കാരങ്ങൾ. പള്ളിയുടെ ശില്പശൈലിയുമായി ഈ തൂണുകളിലെ ശില്പശൈലി ഒരുവിധത്തിലും ഇണങ്ങിപ്പോകുന്നില്ല. കമാനത്തിന്റെ ഇഷ്ടികത്തൂണുകളിൽ ഇവ പതിച്ചുവെച്ചിരിക്കുന്നതു് ഉറപ്പിനു വേണ്ടിയുമല്ല. ക്രിസ്തുവർഷാരംഭത്തിനുമുമ്പ് വിക്രമാദിത്യൻ ഈ സ്ഥലത്തു നിർമിച്ച ശ്രീരാമക്ഷേത്രം തകർത്തു്, അതിന്റെ സ്ഥാനത്തു് അതിലെ കല്ലുകൾ ഉപയോഗിച്ചു് ക്രിസ്തുവർഷം 1528-ൽ ബാബർ നിർമിച്ചതാണ് ഈ പള്ളി എന്ന

വിശ്വാസത്തിന്, ഐതിഹ്യം ഒഴിച്ചാൽ, ഒരേ ഒരു ആധാരം ഈ കരിങ്കൽത്തൂണുകളാണ്. മററു മതക്കാരുടെ ദേവാലയങ്ങളുടെ ഭഗ്നാവശിഷ്ടങ്ങൾ ഉപയോഗപ്പെടുത്തി മസ്ജിദുകൾ പണിയുക മദ്ധ്യകാലങ്ങളിൽ അസാധാരണമായിരുന്നില്ല.

മുമ്പ് പറഞ്ഞതുപോലെ, അയോദ്ധ്യയിലാകെ ഹിന്ദുമതത്തിൻെറ, പ്രത്യേകിച്ച് രാമഭക്തിയുടെ, സജീവ–അന്തരീക്ഷമാണുള്ളത്. പല മത വിഭാഗക്കാരുടെയും ഒട്ടേറെ സന്ന്യാസിമാങ്ങൾ അവിടെയുണ്ട്. 'വാല്മീകി ഭവൻ' എന്ന അതിവിശാലമായ മാർബിൾ ഹാളിൻെറ ചുവരുകളിൽ വാല്മീകിരാമായണത്തിലെ ഇരുപത്തയ്യായിരം പദ്യങ്ങൾ, ഒരു തെററും കൂടാതെ നാഗരിലിപിയിൽ കൊത്തിവെച്ചത് എന്നെ വളരെയധികം അത്ഭുതപ്പെടുത്തി. ഒരററത്തുനിന്നു വായിച്ചുതുടങ്ങിയാൽ മറേറ അററത്തെത്തുന്നതിനിടയിൽ നിങ്ങൾക്ക് വാല്മീകി നിർമിച്ച ഇതിഹാസം മുഴുവൻ വായിച്ചു തീർക്കാം. പക്ഷേ, ഇതിന് എത്രയോ ദിവസങ്ങൾ വേണ്ടിവരും! വാല്മീകി ഭവനിൽ വളരെ ആളുകൾ കൂടിയിരുന്ന് അഖണ്ഡ രാമായണ പാഠം നിർവഹിക്കുന്നുണ്ടായിരുന്നു. വാല്മീകി രാമായണമല്ല, ഹിന്ദിയുടെ ഒരു രൂപഭേദമായ അവധിയിൽ (അയോദ്ധ്യയിലെ പ്രാദേശിക ഭാഷയിൽ) തുളസീദാസൻ എഴുതിയ സുപ്രസിദ്ധമായ 'രാമചരിത മാനസ'മാണ് അവർ വായിച്ചിരുന്നത്. ബാബറീ മസ്ജിദിനു മുന്നിലും, ഒരുവശത്തു കെട്ടിയുണ്ടാക്കിയ ചെറിയ പ്ലാററ്ഫോമിൽ സംഘംചേർന്നുള്ള രാമായണപാഠം, അവിടെ ചെല്ലുമ്പോൾ, നടന്നുകൊണ്ടിരുന്നു. 'കനകമന്ദിരം' എന്നു പേരുള്ള, വലിയ ഒരു ക്ഷേത്രവും ഞാൻ ചെന്നു കണ്ടു. ചെറിയ ആരാധനാലയങ്ങളും, സൗജന്യമായി തീർത്ഥയാത്രക്കാർക്കു പാർപ്പിടവും ഭക്ഷണവും നൽകുന്ന ധർമശാലകളും അയോദ്ധ്യയിൽ ഒട്ടുവളരെയുണ്ട്. ഗംഗയുടെ പോഷകനദികളിൽ ഒന്നായ സരയു അയോദ്ധ്യാനഗരത്തെ സ്പർശിച്ചുകൊണ്ടാണ് ഒഴുകുന്നത്. ഏകദേശം നമ്മുടെ പെരിയാറിനോളം വലിപ്പവും, അതിലുള്ളതിനേക്കാൾ എത്രയോ അധികം ജലപുഷ്ടിയുമുള്ള ഈ നദിയിൽനിന്നു വലിയ ഒരു തോടു വെട്ടിത്തിരിച്ച്, അതിൽ ഏതാനും കുളിക്കടവുകൾ നിർമിച്ചിരിക്കുന്നു. ഹരിദ്വാറിലെ സുപ്രസിദ്ധമായ 'ഹരി കീ പൈഡീ' എന്ന കടവിനെ അനുസ്മരിപ്പിക്കുമാറ് ഇതിലൊരു കടവിന് 'രാമ കീ പൈഡീ' (രാമപാദം) എന്ന പേരു് നല്കിയിട്ടുണ്ട്. ഹരിദ്വാരിലും ഗംഗയിലല്ല, ഗംഗയിൽനിന്നു വെട്ടിത്തിരിച്ച കനാലിലാണ്, സ്നാനഘട്ടങ്ങൾ.

രാമഭക്തിയുടെ ഈ പ്രവാഹത്തിനകത്ത്, ഒരു കൊച്ചു തുരുത്തുപോലെ, തികച്ചും ഒററപ്പെട്ടു നില്ക്കുകയാണ് ബാബറീമസ്ജിദ്. ചുററുപാടിൽ അതിനു ചരിത്രപരമായ സാംഗത്യം മാത്രമേ ഉള്ളു എന്നു തോന്നി. ഒരു മുസ്ലിം ദേവാലയം എന്ന നിലയിൽ, പ്രയോജനകരമായ ഏതെങ്കിലും കർത്തവ്യം, അടുത്തകാലത്തൊന്നും അതു നിർവഹിച്ചിട്ടില്ല. 1949 ഡിസംബർമുതൽ, ഇക്കഴിഞ്ഞ ഇരുപത്തെട്ടു വർഷങ്ങളിൽ അതു് ഹിന്ദുക്കളുടെ ഒരു ആരാധനാലയമായിരുന്നു; 1986 ഫെബ്രുവരി രണ്ടു മുതൽ ഇന്നത്തെ രീതിയിൽ പൊതുജനങ്ങൾക്ക് പ്രവേശമുള്ള ഒരു ക്ഷേത്രമായി അതു് തുടരുകയുമാണ്.

രാമജന്മഭൂമി—ബാബറീമസ്ജിദ് തർക്കം, അതിൽ ഉൾപ്പെട്ട രണ്ടു കക്ഷികളുടെയും സമ്മതത്തോടെ, സമാധാനപരമായി പരിഹരിക്കേണ്ടതു് മതനിരപേക്ഷ—ജനാധിപത്യമെന്ന നിലയിൽ ഇന്ത്യയുടെ പുരോഗതിക്ക് അനുപേക്ഷണീയമാകുന്നു. ലഖ്നൗവിലെ നവാബും അയോദ്ധ്യയുടെ ഭരണാധികാരിയുമായിരുന്ന വാജിദ് അലി ഷാ രാമജന്മഭൂമിയെക്കുറിച്ചു നിർമിച്ച ഈ ഉർദു പദ്യം പ്രസിദ്ധമാണ്:

ഹം ഇശ്ക് കേ ബന്ദേ ഹൈം,
മജ്ഹബ്സേ നഹീം വാകിഫ്,
ഗർ കാബാ ഹു ആ തൊ ക്യാ?
ബുത്ഖാനാ ഹു ആ തോ ക്യാ?

ഈ പദ്യത്തെ ഇങ്ങനെ വിവർത്തനംചെയ്യാം:

പ്രേമദാസന്മാർ ഞങ്ങൾ,
മതത്തെയറിവീല;
കാബയാകിലും കൊള്ളാം,
കോവിലാകിലും കൊള്ളാം.

'ഇശ്ക്'' എന്ന പദംകൊണ്ട് വാജിദ് അലിഷാ ഉദ്ദേശിച്ചതു് ഈശ്വരനിലുള്ള പരമപ്രേമത്തെ ആയിരിക്കണം. ആ പ്രേമം (ഭക്തി) ഉള്ളവർക്ക് സാമ്പ്രദായിക മതഭേദം പ്രസക്തമല്ല. മദ്ധ്യകാലങ്ങളിലെ ആദ്ധ്യാത്മിക രഹസ്യവാദികളായിരുന്ന ഹിന്ദു-മുസ്ലിം സിദ്ധന്മാരിൽ ഒരുപോലെ പ്രകടമായിരുന്ന ഈ സഹിഷ്ണുതാമനോഭാവം, നിർഭാഗ്യവശാൽ ഇന്നത്തെ ഹിന്ദു-മുസ്ലിം-വർഗീയവാദികൾ പുലർത്തുന്നില്ല. ലോകസംസ്കാരത്തിനു് ഇന്ത്യ നൽകിയ സംഭാവനകളിൽ അദ്വിതീയമെന്നു വാഴ്ത്തപ്പെടുന്ന സർവധർമ സമാനത്വം വാക്കിലല്ലാതെ പ്രവൃത്തിയിൽക്കൂടി നിലനിർത്താൻ നമുക്കു കഴിഞ്ഞിരുന്നുവെങ്കിൽ, രാമജന്മഭൂമിയെന്ന ബാബറീമസ്ജിദിലെ മൂന്നു കമാനങ്ങൾക്കു കീഴിൽ രണ്ടു വ്യത്യസ്ത മത സമ്പ്രദായക്കാരുടെ ആരാധന ഒരേസമയം പരസ്പരോപമർദമില്ലാതെ നടന്നുവരുന്നതു് നാം കാണുമായിരുന്നു.

ഈ സ്ഥലം കേന്ദ്രസർക്കാർ ഏറ്റെടുക്കുകയും, അവിടെ എല്ലാതരം മത-ആരാധനകളും നിരോധിക്കുകയും, പകരം ഒരു പുരാതത്ത്വ മ്യൂസിയം അവിടെ സ്ഥാപിക്കുകയും ചെയ്യണമെന്ന നിർദേശം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. സാമാന്യജനങ്ങളുടെ ഇന്നത്തെ മനോഭാവംവെച്ചു നോക്കുമ്പോൾ, ഇതു പ്രായോഗികമാവുമെന്നു തോന്നുന്നില്ല. ഹിന്ദുക്കളെ സംബന്ധിച്ചിടത്തോളം രാമൻ ഒരു ചരിത്രപുരുഷൻ മാത്രമല്ല, സാക്ഷാൽ ഈശ്വരൻകൂടിയാണ്. ഈശ്വരൻ അവതരിച്ച സ്ഥലം അവർക്ക് പുണ്യഭൂമിയാകുന്നു. ആരാധനത്തിനല്ലാതെ മറ്റെന്തെങ്കിലും ആവശ്യത്തിനു് ആ സ്ഥലം ഉപയോഗപ്പെടുത്താൻ മതഭക്തിയുള്ള ഹിന്ദുക്കൾ അനുവദിക്കുമെന്നു കരുതിക്കൂടാ. അനേകലക്ഷം വരുന്ന മതാന്ധരുടെ കഥ പറയുകയും വേണ്ട.

മുസ്ലിങ്ങളെ സംബന്ധിച്ചിടത്തോളം ഇത്തരത്തിലുള്ള എന്തെങ്കിലും സവിശേഷത ബാബറീമസ്ജിദിനു് ഉണ്ടെന്നു തോന്നുന്നില്ല. ആ പള്ളി ഇപ്പോൾ അതിരിക്കുന്ന സ്ഥലത്തുനിന്നു് അല്പം ദൂരെ മാററി കുറേക്കൂടി സൗകര്യമുള്ള ഒരു സ്ഥലത്തു്, കുറേക്കൂടി വലിപ്പത്തിലും ഭംഗിയിലും നിർമിച്ചാൽ, അയോദ്ധ്യയിലെ മുസ്ലിങ്ങൾ അതുകൊണ്ടു തൃപ്തിപ്പെടുമോ? തൃപ്തിപ്പെടുമെങ്കിൽ, അങ്ങനെ ഒരു പള്ളി നിർമിക്കുന്നതിനു് സ്ഥലം നൽകാനും, ആവശ്യമെങ്കിൽ പള്ളിപണിക്ക് ചെലവാകുന്ന പണം സംഭാവനചെയ്യാനും രാമഭക്തരായ ഹിന്ദുക്കൾ തയ്യാറാവേണ്ടതാണ്. ഒരിക്കൽ പള്ളി ആയിരുന്ന സ്ഥലം എന്നും പള്ളിയായിത്തന്നെ തുടരണം എന്നുണ്ടോ? അതു് എപ്പോഴും എവിടെയും പ്രായോഗികമാണോ?

ഈ വിധത്തിലോ, മററു് ഏതെങ്കിലും വിധത്തിലോ രാമജന്മഭൂമി ബാബറീമസ്ജിദ്-തർക്കം പരിഹരിക്കുന്നതിനു് ഹിന്ദു-മുസ്ലിം വിഭാഗങ്ങളിൽ സ്വാധീനശക്തിയും രാജ്യപുരോഗതിയിൽ താല്പര്യവുമുള്ളവർ പരിശ്രമിക്കുന്നതു് നന്നായിരിക്കും. പ്രശ്നത്തിന്റെ തീക്ഷ്ണത ഇപ്പോൾ ഒട്ടു് അടങ്ങിയിരിക്കുകയാണ്. സാമുദായിക സമാധാനത്തി

ന്റെ അന്തരീക്ഷം ഇന്ത്യയിൽ ഇന്നു നിലനില്ക്കുന്നുണ്ട്. നിർമാണാത്മകങ്ങളായ കൂടിയാലോചനകൾക്ക് അനുകൂലമാണ് ഈ സാഹചര്യം. പുറമേനിന്നുള്ള ഇടപെടൽ ഒഴിവാക്കി, തികച്ചും പ്രാദേശികതലത്തിൽ മാത്രമേ രാമജന്മഭൂമിപ്രശ്നം രമ്യമായി പരിഹരിക്കാനാകൂ എന്ന കാര്യത്തിൽ സംശയമില്ല.

മജ്ഹബ് നഹീം സിഖാതാ
ആപസ് മേം വൈര രഖനാ
ഹിന്ദീ ഹൈം ഹം; വതൻ ഹൈ
ഹിന്ദോസ്താൻ ഹമാരാ

(തമ്മിൽ വൈരം പുലർത്താൻ മതം നമ്മെ പഠിപ്പിക്കുന്നില്ല. നാം ഇന്ത്യക്കാരാണ്; ജന്മഭൂമിയായ ഇന്ത്യ നമ്മുടേതാണ്) എന്ന ബോധം ഇന്ത്യയിലെ ഹിന്ദുക്കളും മുസ്ലിങ്ങളുമായ മതനേതാക്കൾക്ക കൈവന്നാൽ ഇവിടെ ഒരു പ്രശ്നവും പരിഹരിക്കുക അസാദ്ധ്യമായിരിക്കുകയില്ല.

(19 ഒക്ടോബർ 1987)

# 37. കൊല്ലം—ഒരു കോളറ നഗരം?

കൊല്ലത്തിന്റെ പഴയ പേര് 'കൊളംബനഗരം' എന്നായിരുന്നു. അടുത്ത ഭാവിയിൽ അതിന്റെ പേര് 'കോളറനഗരം' എന്നാവുമോ?

എന്തിന് ഭാവിയിൽ? ഇപ്പോൾത്തന്നെ കേരളത്തിലെ 'കോളറ നഗരം' ആയിക്കഴിഞ്ഞിട്ടുണ്ട് കൊല്ലം. കോളറയും അതിന്റെ വകഭേദമായ ഗാസ്ട്രോ—എൻടെറൈറ്റിസും ആണ്ടുതോറും കൊല്ലം നഗരത്തെ സന്ദർശിച്ചുവരുന്നുണ്ട്. ലഘുവായിട്ടല്ല, ഒട്ടുകാര്യമായിത്തന്നെ.

1982—ാമാണ്ടിൽ ഈ രണ്ടു രോഗങ്ങൾ ബാധിച്ച 563 രോഗികൾ ആസ്പത്രികളിലെത്തിയതായി റിക്കാർഡുകളിൽ കാണുന്നു. ഇവരിൽ അമ്പത്താറു രോഗികൾ മരിച്ചു. 1983—ാമാണ്ടിൽ ഇരുന്നൂററമ്പതുരോഗികളാണത്രെ കോളറയും ഗാസ്ട്രോ—എൻടെറൈറ്റിസും ബാധിച്ച് ആസ്പത്രികളിലെത്തിയതു്. ഇവരിൽ ഇരുപത്താറുപേർ മരിച്ചു. 1934—ലും 1985—ലും 1986—ലും എത്ര കോളറ—ഗാസ്ട്രോ എൻടെറൈറ്റിസ് രോഗികൾ ആസ്പത്രികളിലെത്തിയെന്നറിഞ്ഞുകൂട. എങ്കിലും 1984—ൽ പന്ത്രണ്ടുപേരും 1985—ൽ ഏഴുപേരും 1986—ൽ എട്ടു പേരും ഈ രോഗങ്ങൾമൂലം ആസ്പത്രികളിൽ മരിച്ചതായി കണക്കുകൾ കാണുന്നു. 1987—ൽ സെപ്റ്റംബർ 21 മുതൽ ഒക്ടോബർ 27 വരെ അഞ്ചാഴ്ചകളിൽ 283 കോളറ—ഗാസ്ട്രോ എൻടെറൈറ്റിസ് രോഗികൾ ആസ്പത്രികളിലെത്തി; ഇവരിൽ പതിനേട്ടുപേർ മരിക്കുകയുംചെയ്തു. രോഗികളുടെ വരവ് ഇനിയും നിലച്ചിട്ടില്ല.

ഈ കണക്കുകൾ 1987 ഒക്ടോബർ 29—ലെ 'ഹിന്ദു' പത്രത്തിൽ കണ്ടവയാണ്. ലേഖകന് ഇവ കിട്ടിയതു് ജില്ലാകളക്ടറിൽനിന്നാവാം. അതിനാൽ ഇവ സർക്കാർ ആസ്പത്രികളിലെ രേഖകളെ അടിസ്ഥാനപ്പെടുത്തിയുള്ള കണക്കുകൾ ആയിരിക്കണം. ആസ്പത്രിയിലെത്താതെയും, എത്തിയാൽത്തന്നെ കണക്കിൽപ്പെടാതെയും, എത്ര കോളറ ഗാസ്ട്രോ എൻടെറൈറ്റിസ് മരണങ്ങൾ സംഭവിച്ചു എന്ന് ഊഹിക്കാനേ പററൂ.

കൊല്ലത്തെ കോളറ സർക്കാരിന്റെ ശ്രദ്ധയിൽപെടാതിരുന്നില്ല. എം. എൽ. എ.മാരും മന്ത്രിമാരും മററും കോളറ ബാധിച്ച കൊല്ലം